സി.ജി(2) **43910/08**

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി **: 17/7/2014**

website : www.cooperation.kerala.gov.in
e-mail : keralarcs.coop@kerala.gov.in

# സർക്കുലർ നമ്പർ 36/2014

വിഷയം: സഹകരണ വകുപ്പ് - കേരള കാർഷിക കടാശ്വാസ പദ്ധതി-അവാർഡ്- കർഷകരുടെ വിഹിതം അടച്ചവർക്ക് ഈടുവച്ച പ്രമാണങ്ങൾ തിരികെ നൽകുന്നത്- സംബന്ധിച്ച്.

സൂചന:
1) 11.09.2012 ലെ സ.ഉ(ആർ.റ്റി) 1788/2012/എ.ഡി നമ്പർ ഉത്തരവ്.
2) സഹകരണ സംഘം രജിസ്ട്രാറുടെ 18/10/2012 ലെ 41/12 നം. സർക്കുലർ.
3) സഹകരണ സംഘം രജിസ്ട്രാറുടെ 12/2/2013 ലെ 9/2013 നമ്പർ സർക്കുലർ.

.................

സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കർഷകർക്ക് കേരള കാർഷിക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസം അനുവദിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന അവാർഡുകളിൽ, കർഷകരുടെ വിഹിതം അടച്ചു കഴിഞ്ഞാൽ, സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക സംഘത്തിന് ലഭിക്കുമെന്നതിനാൽ, സംഘത്തിനുള്ള വിഹിതം സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കണക്കിൽ രേഖപ്പെടുത്തി കർഷകരുടെ ഈടു പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണെന്ന് സൂചന (2,3) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി സർക്കുലർ നിർദ്ദേശം പാലിക്കാതെ ആധാരം തിരികെ നൽകുന്നതിൽ പല സഹകരണ സംഘങ്ങളും വിമുഖതകാണിക്കുന്നതായിട്ടുള്ള പരാതികൾ ഈ ആഫീസിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കടാശ്വാസ കമ്മീഷന്റെ അവാർഡ് പ്രകാരം വായ്പക്കാരൻ തുക അടച്ചു കഴിഞ്ഞാൽ സർക്കാർ വിഹിതത്തിനായി കാത്തിരിക്കാതെ ഈട് പ്രമാണം തിരികെ നൽകേണ്ടതാണെന്ന് വീണ്ടും നിർദ്ദേശിക്കുന്നു. പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിക്കുന്നതിൽ ഏന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ടി വീഴ്ചകൾക്കും സകല വിധ കഷ്ട നഷ്ടങ്ങൾക്കും ബാങ്ക് സെക്രട്ടറി ഉൾപ്പെടെ ഉത്തരവാദികളായി കണക്കാക്കുന്നതാണ്.

**മേൽ നിർദ്ദേശം എല്ലാ സംഘങ്ങളും/ബാങ്കുകളും കർശനമായി പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുമാണ്.**

**ഒപ്പ്,**
**എസ്.ലളിതാംബിക ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്:-</u>

1. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർമാർക്കും.
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
9. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13. സ്റ്റോക്ക് ഫയൽ/സ്പെയർ.
14. വെബ്സൈറ്റ്